സഭയിൽ എഴുതിക്കൊടുത്തിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നതും രണ്ടു രീതിയിലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കയർഫെഡിന് അനുവദിച്ച raw-material bank ആർ.സി.പി.-യുടെ രണ്ടാം ഘട്ട വികസനം, ഇക്കോകയർ വില്ലേജ് എന്നീ ബഡ്ജറ്റിൽ അനുവദിച്ച പദ്ധതികൾക്ക് തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒരു രൂപയെങ്കിലും അനുവദിച്ച് കൊടുക്കുകയോ ആ പദ്ധതി തുടർന്നുകൊണ്ട് പോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുകയോ ചെയ്തോ, മറിച്ച് ഈ മൂന്ന് പദ്ധതികളുടെയും ഫണ്ട് ലാപ്സാക്കി കളയുകയാണോ ചെയ്തത് എന്ന് മന്ത്രി വിശദീകരിക്കണം? ..... (ബഹളം) ..... ഒന്ന്, raw-material ബാങ്ക് രണ്ട്, ആർ.സി.പി.-യുടെ rubberised കയർ പ്രോഡക്ട് ഫാക്ടറിയുടെ രണ്ടാം ഘട്ട വികസനം, ഇക്കോ കയർ വില്ലേജ് എന്നീ പ്രോജക്ടുകൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ബഡ്ജറ്റിൽ മാറ്റിവച്ച തുകയിൽ തുടർന്നുവന്ന ഗവൺമെന്റ് ഒരു രൂപ അനുവദിച്ചില്ലെന്നും ഈ മൂന്ന് പ്രോജക്റ്റുകളും നിങ്ങൾ എഴുതിത്തള്ളിയെന്നും അംഗീകരിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 2,50,00,000 രൂപ ചകിരി വാങ്ങുന്നതിന് കയർ ഫെഡ്ഡിനും കയർ കോർപ്പറേഷനും കൊടുത്തു.

മിസ്റ്റർ സ്പീക്കർ : ചോദ്യം നമ്പർ *49-ം, *59-ം ഒന്നിച്ചെടുക്കാം.

വഴിയോര വിശ്രമകേന്ദ്രങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

*2 [49] *ശ്രീ. ടി. എം. ജേക്കബ് :*

„ *ആർ. ബാലകൃഷ്ണപിള്ള*

„ *ഷിബു ബേബിജോൺ :*

„ *ജോണി നെല്ലൂർ:*

„ *കെ. ബി. ഗണേഷ്കുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. ആരംഭിച്ച എത്ര വഴിയോര വിശ്രമകേന്ദ്രങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം; ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) കെ. ടി. ഡി. സി.-യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൂട്ടി കിടക്കുമ്പോൾ 'വഴിയോരം' എന്ന പേരിൽ പുതിയ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനം എടുത്തതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ,

(എ) & (ബി) കെ. ടി. ഡി. സി. യുടെ വഴിയോര വിശ്രമ കേന്ദ്രങ്ങളായ മോട്ടലുകൾ ഒന്നും തന്നെ പൂട്ടിക്കിടക്കുന്നില്ല. പക്ഷേ ടൂറിസം വകുപ്പിൽ നിന്നും കെ. ടി. ഡി. സി.-ക്കു നൽകിയ വാളറ, തലപ്പാടി എന്നീ സ്ഥലങ്ങളിലെ രണ്ടു വഴിയോര വിശ്രമ കേന്ദ്രങ്ങൾ ടൂറിസം വകുപ്പിന് തിരിച്ച് നൽകിയിട്ടുണ്ട്. ഇവ സ്വകാര്യ സംരംഭകർക്ക് പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേരള സംസ്ഥാനത്ത് ഏകദേശം 3.5 ലക്ഷം വിദേശ ടൂറിസ്റ്റുകളും, 60 ലക്ഷം തദ്ദേശ ടൂറിസ്റ്റുകളും പ്രതിവർഷം സന്ദർശനം നടത്തി വരുന്നു. കൂടാതെ ടൂറിസ്റ്റുകളുടെ എണ്ണം വർഷംതോറും കൂടി വരുന്നതായി കാണുന്നു. സഞ്ചാരികൾക്ക് താമസം, ഭക്ഷണം, മറ്റു പ്രാഥമിക സൗകര്യങ്ങൾ എന്നിവ വാർത്താവിനിമയം ഉൾപ്പെടെയുള്ള ഏറ്റവും ആധുനിക സൗകര്യങ്ങളോടെ ഒരുക്കേണ്ടത് ഒരു അത്യാവശ്യ ഘടകമാണ്. ഇത്രയും വലിയ സഞ്ചാരികളുടെ വൃന്ദത്തിന് സൗകര്യങ്ങൾ ഒരുക്കുവാൻ സർക്കാരിന് പരിമിതികളുണ്ട് എന്ന തിരിച്ചറിവാണ് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കുവാൻ വകുപ്പിനെ പ്രേരിപ്പിച്ചത്. കൂടാതെ കുറേയേറെ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്ന പദ്ധതി എന്ന നിലയ്ക്ക് കൂടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. സഞ്ചാരികൾക്ക് യാത്രയിലുടനീളം സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ സംരംഭകരെ ടൂറിസം രംഗത്തേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സംരംഭമാണ് വഴിയോരം പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത്.

വഴിയോരം പദ്ധതി

*3 [59] *ശ്രീ. ടി. കെ. ദേവകുമാർ*:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. മഞ്ഞളാംകുഴി അലി:

„ *രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വഴിയോരം പദ്ധതി' എന്നപേരിൽ ഒരു ടൂറിസം പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് സർക്കാരിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം എന്തു തുക ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly